**പതിമൂന്നാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 4811** — **21/10/2011 ൽ മറുപടിയ്ക്ക്**

# ഇ. എം. എസ് ഭവന പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. ശ്രീരാമകൃഷ്ണൻ : | ഡോ.എം.കെ.മുനീർ (പഞ്ചായത്തും സമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |

(എ) ഇ.എം.എസ് ഭവന പദ്ധതിയിൽ 2011 മാർച്ചിന് ശേഷം എത്ര വീടുകൾ പൂർത്തിയാക്കിയിട്ടുണ്ട് ;

(എ) ഇ.എം.എസ് ഭവന പദ്ധതിയിൽ 2011 മാർച്ച് മാസം അവസാനത്തിന് ശേഷം ഗ്രാമപ്രദേശങ്ങളിൽ പൂർത്തീകരിച്ച വീടുകളുടെ എണ്ണം 18858 ആണ്. നഗരപ്രദേശങ്ങളിൽ പൂർത്തീകരിച്ച വീടുകളുടെ എണ്ണം സംബന്ധിച്ച് വിവരം ശേഖരിച്ചു വരുന്നു.

(ബി) ജില്ലതിരിച്ച് വിശദമാക്കാമോ ;

(ബി) ഗ്രാമപ്രദേശങ്ങളിലെ ജില്ലതിരിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. നഗരപ്രദേശങ്ങളിലെ ജില്ല തിരിച്ചുള്ള വിവരം ശേഖരിച്ചു വരുന്നു.

| ജില്ലയുടെ പേര് | നിർമ്മാണം പൂർത്തിയാക്കിയ വീടുകളുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 639 |
| കൊല്ലം | 1181 |
| പത്തനംതിട്ട | 1229 |
| ആലപ്പുഴ | 2716 |
| കോട്ടയം | 617 |
| ഇടുക്കി | 1978 |
| എറണാകുളം | 1696 |
| തൃശ്ശൂർ | 1226 |
| പാലക്കാട് | 254 |
| മലപ്പുറം | 935 |
| കോഴിക്കോട് | 2129 |
| വയനാട് | 1612 |
| കണ്ണൂർ | 1800 |
| കാസർഗോഡ് | 846 |
| ആകെ | 18858 |

| | | | |
|---|---|---|---|
| (സി) | ഇനിയും ലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് പുതുതായി അപേക്ഷ നൽകാൻ കഴിയുമോ; | (സി) | ഇപ്പോൾ നിലവിലുള്ള ഗുണഭോക്തൃ ലിസ്റ്റിലെ എല്ലാ അംഗങ്ങൾക്കും ആനുകൂല്യം നൽകിയ ശേഷം പുതിയ ലിസ്റ്റ് തയ്യാറാക്കുമ്പോൾ അപേക്ഷ നൽകാവുന്നതാണ്. |
| (ഡി) | അതിനുള്ള നടപടിക്രമങ്ങൾ വിശദമാക്കാമോ ; | (ഡി) | അപേക്ഷ പ്രകാരം വീട് അനുവദിയ്ക്കുന്നതിന് മുൻപ് ഗ്രാമപഞ്ചായത്തുകൾ ഉദ്യോഗസ്ഥരെക്കൊണ്ട് ഗുണഭോക്താക്കളുടെ അർഹത പരിശോധിക്കുകയും പരിശോധനയെത്തുടർന്ന് അർഹതപ്പെട്ട കുടുംബം ആണെന്ന് കാണുകയാണെങ്കിൽ കുടുംബാംഗങ്ങൾ അവരുടെ നിലവിലുള്ള വീടിനുമുൻപിൽ നിൽക്കുന്ന ഡിജിറ്റൽ ഫോട്ടോ പരിശോധന സംഘത്തിലെ ഉദ്യോഗസ്ഥർ എടുക്കേണ്ടതാണ്. അഹർഹതാ പരിശോധന നടത്തിയ ലിസ്റ്റ് ബ്ലോക്ക് ജില്ലാതലങ്ങളിലെ സൂപ്പർ ചെക്കിനുശേഷം ജില്ലാ ആസൂത്രണ സമിതിയുടെയും ബന്ധപ്പെട്ട ഗ്രാമസഭയുടെയും അംഗീകാരത്തിനുശേഷം ഗുണഭോക്തൃ ലിസ്റ്റ് അന്തിമമാക്കുന്നു. |
| (ഇ) | കുടുംബ കാർഡിൽ ഉൾപ്പെട്ടവരും, എന്നാൽ കുടുംബത്തിൽ നിന്നും മാറിത്താമസിക്കുന്നവരുമായ ഭവനരഹിതരെ പ്രസ്തുത ലിസ്റ്റിൽ ഉൾപ്പെടുത്തുമോ ; | (ഇ & എഫ്) | ഒരു റേഷൻകാർഡിൽ ഉൾപ്പെട്ടിട്ടുള്ള അംഗങ്ങളെ ഒറ്റ കുടുംബമായി പരിഗണിച്ച് ധനസഹായം നൽകണമെന്നാണ് മാർഗ്ഗ രേഖയിൽ നിർദ്ദേശിച്ചിട്ടുള്ളത്. എന്നാൽ ഒരു റേഷൻ കാർഡിൽ പേരുള്ള ചിലർ പ്രത്യേക കുടുംബമായി താമസിക്കുന്നുണ്ട്. ഇവർക്ക് ഇ.എം.എസ് ഭവന പദ്ധതിയുടെ പ്രത്യേക വീട് അനുവദിക്കുവാൻ അനുമതി നൽകുന്ന കാര്യം പരിഗണിക്കുന്നതിനായി ഇത്തരം കുടുംബങ്ങളുടെ വിവരങ്ങൾ ശേഖരിച്ചതിനു ശേഷം ഇത് സംബന്ധിച്ച് ഉചിതമായ തീരുമാനമെടുക്കുന്നതിനായി ഇത്തരം കുടുംബങ്ങളുടെ വിവരങ്ങൾ ശേഖരിക്കുന്നതിനും ഇപ്രകാരം ശേഖരിക്കുന്ന കുടുംബങ്ങളുടെ അർഹത പരിശോധന നടത്തി ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (എഫ്) | എങ്കിൽ നടപടിക്രമങ്ങൾ വിശദമാക്കാമോ ? | | |

സെക്ഷൻ ഓഫീസർ